# മലേഷ്യൻ നംനം



മലേഷ്യൻ ഫലസസ്യമാണ് 'നംനം'. പയർവർഗത്തിലെ ഇടത്തരം മരമായി വളരുന്ന ഇവയുടെ തായ്ത്തടിയിൽ വിരിയുന്ന കായ്കൾക്ക് വൃക്കയുടെ രൂപമാണ്. പഴങ്ങൾക്ക് പൊതുവേ പുളിരസമാണ്. തോട്ടങ്ങളിൽ അലങ്കാരത്തിനായാണ് ഇവ കൂടുതലും വളർത്തുന്നത്. മലേഷ്യയിൽ പാരമ്പര്യചികിത്സകർ കായ്കൾ ഔഷധമായി ഉപയോഗിക്കാറുണ്ട്.

കേരളത്തിൽ പ്രചാരത്തിലെത്തിയിട്ടില്ലെങ്കിലും ഫലസസ്യപ്രേമികളുടെ തോട്ടങ്ങളിൽ ഇവ വളരുന്നുണ്ട്. മണ്ണ് ഫലഭൂയിഷ്ഠമാക്കാൻ ഈ പയർവർഗച്ചെടിയുടെ വേരുകൾ സഹായിക്കാറുണ്ട്. 'നംനം' പഴങ്ങളിൽനിന്ന് വേർതിരിച്ചെടുക്കുന്ന വിത്തുകൾ ചെറുകൂടകളിൽ കിളിർപ്പിച്ച് നട്ടുവളർത്താം. ഫലം തരാൻ ആറേഴുവർഷങ്ങൾ കഴിയണം.

Mathrubhumi 01.11.17